**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 28** **28.05.2019 – ൽ മറുപടിക്ക്.**

## അന്ത്യോദയ അന്നയോജന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം**<br>**ശ്രീമതി പി. അയിഷാ പോറ്റി**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**,, എം. രാജഗോപാലൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എന്തൊക്കെയാണ്; | (എ) അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം അരി, ഗോതമ്പ് എന്നീ ഭക്ഷ്യ ധാന്യങ്ങളാണ് ഉപഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം എത്രയാണെന്നും ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ബി) പ്രതിമാസം 17757.49 മെ.ടൺ അരിയും 3095.475 മെ.ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യ ധാന്യങ്ങളാണ് പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി ലഭ്യമാകുന്നത്. ഇതുപയോഗിച്ച് പ്രതിമാസം 30 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും വീതം ടി വിഭാഗത്തിലെ ഓരോ കാർഡിനും നൽകി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന്, കി.ഗ്രാമിന് 3 രൂപ നിരക്കിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന അരിയും കി.ഗ്രാമിന് 2 രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പും സംസ്ഥാന സർക്കാർ എ.എ.വൈ. വിഭാഗത്തിന് സൗജന്യമായാണ് നൽകി വരുന്നത്. പ്രസ്തുതയിനത്തിൽ 5.95 കോടി രൂപ സർക്കാർ പ്രതിമാസം ചെലവഴിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന സപ്ലൈകോയ്ക്ക് കടത്തുകൂലിയിനത്തിൽ ചെലവാകുന്ന തുകയും റേഷൻ വ്യാപാരികൾക്ക് ക്വിന്റലിന് 180-220 രൂപ നിരക്കിലുള്ള കമ്മീഷനും നൽകി വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) കേന്ദ്ര സർക്കാർ **25.12.2000–ൽ** ആരംഭിച്ച അന്ത്യോദയ അന്നയോജന **(എ.എ.വൈ)** പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.<br>1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, **60** വയസ്സോ മുകളിലോ |

പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ